**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1652** **02-02-2024 - ൽ മറുപടിയ്ക്ക്**

**കേരൾ അഗ്രോ ഓൺലൈൻ വിപണന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 'കേരൾ അഗ്രോ' ഓൺലൈൻ വിപണന പദ്ധതി പ്രകാരം നാളിതുവരെ ലഭിച്ച വിറ്റുവരവ് എത്രയാണെന്ന വിവരം അറിയിക്കാമോ ; | (എ) | 'കേരളഗ്രോ' പദ്ധതി പ്രകാരം കൃഷി വകുപ്പിന്റെ കീഴിലുള്ള 21 ഫാമുകളിൽ നിന്നും, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, മണ്ണുത്തിയിൽ നിന്നുമായി 193 ഉത്പന്നങ്ങൾ ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഓൺലൈൻ സൈറ്റുകൾ മുഖാന്തിരം വിൽപ്പന നടത്തിയതിൽ നിന്നും നാളിതുവരെ 2,53,211 രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | കൃഷി വകുപ്പിന്റെ കീഴിലുള്ള കൂടുതൽ ഫാമുകളുടെ ഉത്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനും ഫാമുകളുടെ ഉത്പന്നങ്ങൾ ഓൺലൈൻ വിപണി വഴി വിപണനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോ, വിവിധ പത്ര മാധ്യമങ്ങൾ വഴിയും, കേരള കർഷകൻ മാസികയിലൂടെയും, റേഡിയോ പരസ്യങ്ങളിലൂടെയും കേരളഗ്രോ ബ്രാൻഡ് ഉത്പന്നങ്ങളുടെ പ്രചാരണത്തിനായിട്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.<br><br>ഈ പദ്ധതി കൂടുതലായി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർ, കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ, FPO, FPC കൾ തുടങ്ങിയവർ ഉത്പ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉൾപ്പടെയുള്ള കാർഷിക ഉത്പ്പന്നങ്ങൾക്ക് 'ഒരു കൃഷിഭവൻ ഒരു ഉത്പന്നം' എന്ന ലക്ഷ്യം കണ്ടെത്തി "കേരളഗ്രോ" ബ്രാൻഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>കേരളഗ്രോ ബ്രാൻഡിംഗ് സംവിധാനം വഴി കർഷകരുടെ ഉത്പ്പന്നങ്ങൾ ഓൺലൈൻ മുഖാന്തിരവും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ |

| | | | |
|---|---|---|---|
| | | | മാർക്കറ്റുകൾ എന്നിവ വഴിയും ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിക്കും .<br><br>ഉത്പ്പന്നങ്ങൾ "കേരളഗ്രോ" ബ്രാൻഡ് ചെയ്യുന്നതിനും, ഓൺലൈൻ വിപണത്തിനുമായി 40.00 ലക്ഷം രൂപയും, എല്ലാ ജില്ലയിലും ഓരോ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പും ഫാം പ്ലാൻ സൂപ്പർ മാർക്കറ്റും തുടങ്ങുന്നതിനായി 280.00 ലക്ഷം രൂപയും, 2023-24 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ